# പതിനാലാം കേരള നിയമസഭ

## പത്തൊമ്പതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1900 10.03.2020-ൽ മറുപടി നൽകേണ്ടത്.

## സ്പെഷ്യൽ സ്കൂളുകൾ നേരിടുന്ന പ്രതിസന്ധി

| ചോദ്യം<br>ശ്രീ.മോൻസ് ജോസഫ് | | | ഉത്തരം<br>പ്രൊഫ.സി.രവീന്ദ്രനാഥ്<br>(വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
|---|---|---|---|
| (എ) | സംസ്ഥാനത്തെ സ്പെഷ്യൽ സ്കൂളുകൾ നേരിടുന്ന പ്രതിസന്ധിക്ക് പരിഹാരം കണ്ടെത്തുവാൻ നടപടി സ്വീകരിക്കുമോയെന്ന് അറിയിക്കാമോ; | (എ) (ബി) (സി) & (ഡി) | സംസ്ഥാനത്ത് മാനസിക വെല്ലുവിളി നേരിടുന്ന കുട്ടികൾ പഠിക്കുന്ന സ്പെഷ്യൽ സ്കൂളുകൾക്ക് 2018-19, 2019-2020 വർഷങ്ങളിൽ സംസ്ഥാന സർക്കാരിന്റെ ധനസഹായമായി യഥാക്രമം 14 കോടി രൂപ, 14.5 കോടി രൂപ എന്നിവ നൽകിയിട്ടുണ്ട്. കൂടാതെ സ്പെഷ്യൽ പാക്കേജിന്റെ ഭാഗമായി 07.09.2019 തീയതിയിലെ സ.ഉ (സാധാ) 7242/2019/ധന നമ്പർ ഉത്തരവ് പ്രകാരം 25 കോടി രൂപയുടെ അധിക തുക അനുവദിച്ച് നൽകിയിട്ടുമുണ്ട്. സാമ്പത്തിക സഹായം വിതരണം ചെയ്യുന്നതിനും സമഗ്ര പാക്കേജ് നടപ്പിലാക്കുന്നതിന്റെ ഭാഗവുമായി തയ്യാറാക്കിയ പ്രൊപ്പോസൽ ഇതിനുവേണ്ടി രൂപീകരിച്ച ഗ്രാന്റ്-ഇൻ-എയ്ഡ് കമ്മിറ്റിയുടെ പരിഗണനയിലാണ് |
| (ബി) | സ്ഥാപനങ്ങളുടെ നടത്തിപ്പിന് ആവശ്യമായ തുക സർക്കാർ നൽകുന്ന കാര്യം ഗൗരവതരമായി പരിഗണിക്കുമോ; | | |
| (സി) | മിക്ക സ്കൂളുകളിലേയും അധ്യാപകർ തുച്ഛമായ ശമ്പളത്തിൽ ജോലി ചെയ്യുന്ന സാഹചര്യം പരിശോധിച്ച് ഉചിതമായ നടപടി കൈക്കൊള്ളുമോയെന്ന് വ്യക്തമാക്കുമോ; | | |
| (ഡി) | ബാലനീതി നിയമത്തിന്റെ കർശന നിബന്ധനകളും സർക്കാരിന്റെ അവഗണനയും സ്പെഷ്യൽ സ്കൂളുകളിലെ കുട്ടികളെയും നടത്തിപ്പുകാരെയും ഒരു പോലെ പ്രതിസന്ധിയിലാക്കിയിരിക്കുന്ന സാഹചര്യം പരിശോധിക്കാൻ തയ്യാറാകുമോയെന്ന് അറിയിക്കാമോ? | | |

സെക്ഷൻ ഓഫീസർ